# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 3263*

*14/03/2018-ൽ മറുപടി*
*നൽകേണ്ടിയിരുന്നത്*

### *തിരുവനന്തപുരം - കാസർഗോഡ് ജലപാതയുടെ വികസനം*

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.എസ്.ശിവകുമാർ**<br>**ശ്രീ. എം. വിൻസെന്റ്**<br>**ശ്രീ. കെ. മുരളീധരൻ**<br>**ശ്രീ. അൻവർ സാദത്ത്** | **പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** |
| (എ) തിരുവനന്തപുരം - കാസർഗോഡ് ജലപാതയുടെ വികസനം കൈയ്യേറ്റങ്ങൾ കൊണ്ടും പുനരധിവാസത്തിനുള്ള ആസൂത്രണമില്ലായ്മ കൊണ്ടും സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടോ ; വിശദമാക്കാമോ ; | (എ) സംസ്ഥാനത്തെ മുഖ്യജലപാതയായ വെസ്റ്റ് കോസ്റ്റ് കനാലിന്റെ പാർശ്വങ്ങളിലുള്ള സ്ഥലങ്ങളിലെ കൈയ്യേറ്റം ഒഴിപ്പിച്ച് സ്ഥലം വീണ്ടെടുക്കുന്നതിനും ഭവന രഹിതരായ കൈയ്യേറ്റക്കാരെ സമയബന്ധിതമായി പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതി ആരുടെയൊക്കെ സാമ്പത്തിക സഹായത്താലാണ് നടപ്പിലാക്കുന്നത്; ഓരോരുത്തരുടെയും വിഹിതം എത്ര വീതമാണ് ; വ്യക്തമാക്കുമോ ; | (ബി) ജലപാതാ വികസനത്തിന് ആവശ്യമായ തുക സംസ്ഥാന പദ്ധതി വിഹിതം, NABARD , KIIFB എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) പാർവ്വതി പുത്തനാറിന്റെ തീരത്തുള്ള എത്ര കുടുംബങ്ങളെയാണ് ഈ പദ്ധതിയുടെ ഭാഗമായി മാറ്റി പാർപ്പിക്കേണ്ടത്; എവിടെയാണ് ഇവരെ പുനരധിവസിപ്പിക്കുവാൻ സ്ഥലം കണ്ടെത്തിയിട്ടുള്ളത്; ഇവർക്കായി നടപ്പിലാക്കുന്ന പുനരധിവാസ പാക്കേജ് എന്താണെന്ന് വ്യക്തമാക്കുമോ ? | (സി) തിരുവനന്തപുരം ജില്ലയിലെ പാർവ്വതി പുത്തനാറിന്റെ തീരത്തുള്ള 2718 കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഭവനരഹിതരായവരെ ലൈഫ് മിഷൻ പദ്ധതിയിൽ പുനരധിവസിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**